ഉത്തരം

(എ) 27-9-99-ൽ തമിഴ്നാടും കേരളവും തമ്മിൽ നിലനിൽക്കുന്ന അന്തർ സംസ്ഥാന കരാർ പ്രകാരം ടാക്സി, ക്യാമ്പുകൾക്ക് ഫ്രീ ടാക്സ് നൽകുന്നതിനുള്ള വ്യവസ്ഥയില്ല. ആയതിനാൽ കേരള രജിസ്ട്രേഷനുള്ളതും കേരളത്തിൽ പെർമിറ്റ് ഉള്ളതുമായ ടാക്സികൾ തമിഴ്നാട്ടിൽ ടാക്സ് അടച്ച് പെർമിറ്റ് എടുക്കേണ്ടതുമാണ്. മോട്ടോർ വാഹന നിയമം 96(2) പ്രകാരം കേരളത്തിലെ റീജിയണൽ, സബ് റീജിയണൽ ഓഫീസിൽ നിന്നും ചെക്ക് പോസ്റ്റുകളിൽ നിന്നും സ്പെഷ്യൽ പെർമിറ്റ് എടുത്തിട്ടുള്ള വാഹനങ്ങൾ തമിഴ്നാട്ടിൽ നികുതിയും പെർമിറ്റുമില്ലാതെ സർവ്വീസ് നടത്താവുന്നതാണ്. കർണ്ണാടക സംസ്ഥാനവും കേരളവുമായി നിലവിലുള്ള അന്തർ സംസ്ഥാന കരാർ പ്രകാരം 5-1-2000 വരെ ഫ്രീ ടാക്സ് നൽകാൻ 300 വേക്കൻസികൾ ഉള്ളതായി കർണ്ണാടക സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി അറിയിച്ചിട്ടുണ്ട്. പ്രസ്തുത വേക്കൻസിയിൽ റെക്കമെന്റേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) റെക്കമെന്റേഷൻ ലെറ്റർ നിർബന്ധമാണ്.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിക്കുള്ള അപേക്ഷകൾ തപാൽ മുഖേന സ്വീകരിക്കുകയും പ്രസ്തുത അപേക്ഷകൾ കാലതാമസമില്ലാതെ തീർപ്പാക്കി ഉടമസ്ഥന് തപാൽ മാർഗ്ഗം അയച്ചു കൊടുക്കുകയും ചെയ്യുന്നു. ആർ.ടി. ഓഫീസുകളിൽ സ്വീകരിക്കുന്ന അപേക്ഷകൾ കൈപ്പറ്റിയതായി രസീതുകൾ നൽകുകയും, രസീതിൽ കാണിച്ചിരിക്കുന്ന തീയതിയിൽതന്നെ അപേക്ഷകൾ തീർപ്പാക്കിക്കൊടുക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

84 (402) കെ.എസ്.ആർ.ടി.സി. പാപ്പനംകോട് ഡിപ്പോ

ശ്രീ. വെങ്ങാന്നൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പാപ്പനംകോട് ഡിപ്പോയിൽ എത്ര ബസുകളാണ് സർവ്വീസ് നടത്തി വരുന്നത്;

(ബി) ഈ ഡിപ്പോയോടനുബന്ധിച്ചുള്ള വർക്ക് ഷാപ്പിന് മേൽക്കൂര ഇല്ലായെന്നും അതു കാരണം മെക്കാനിക്കുകൾക്ക് ബുദ്ധിമുട്ടാണെന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മഴക്കാലത്ത് ബസ്സുകളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുവാൻ ഇത് തടസ്സമായിരിക്കുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വർക്ക് ഷാപ്പിന് മേൽക്കൂര നിർമ്മിക്കുവാൻ വേണ്ട നടപടികൾ ഏതുവരെയായിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 132 സർവ്വീസുകളാണ് അനുവദിച്ചിട്ടുള്ളത്. അവയുടെ നടത്തിപ്പിനായി 142 ബസുകളും നൽകിയിട്ടുണ്ട്.

(ബി) ഇപ്പോഴുള്ള ഗ്യാരേജിൽ കൂടുതൽ ബസുകളുടെ അറ്റകുറ്റപ്പണികൾ നടത്തുവാനുമുള്ള സൗകര്യം അപര്യാപ്തമായതിനാൽ ഒരു താൽക്കാ

LIBRARY ARCHIVES Kerala Legislative Assembly

ലിക നടപടി എന്ന നിലയിൽ മേൽക്കൂരയില്ലാത്ത ഒരു കോൺക്രീറ്റ് ഫ്ളോർ ചെയ്തു കൊടുത്തിട്ടുണ്ട്. ഈ ഫ്ളോറിൽ മേൽക്കൂര നിർമ്മിക്കുന്നതിന് സാങ്കേതികമായി ബുദ്ധിമുട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) 4 ബസുകൾ ഓരേ സമയം പണിയുന്നതിനുള്ള ഒരു ഗ്യാരേജിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. സാമ്പത്തിക ലഭ്യതയനുസരിച്ച് പണി തുടങ്ങുന്നതാണ്.

85 (403) തിരുവനന്തപുരത്തും എറണാകുളത്തും ഗതാഗത ക്കുരുക്ക് ഒഴിവാക്കാൻ നടപടി

ശ്രീ. ടി.എം. ജേക്കബ് :

ശ്രീമതി കെ.ആർ. ഗൗരിയമ്മ :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തും എറണാകുളത്തും ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ വിദഗ്ദ്ധമായ രീതിയിൽ ഗതാഗതവൽക്കരണം നടത്താനുമായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ബി) സി.ഇ.എസ്. എന്ന സ്ഥാപനത്തിന് ഇതുസംബന്ധമായ എന്തെങ്കിലും കരാർ സർക്കാർ നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഈ കരാറിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) തിരുവനന്തപുരത്ത് ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ സമഗ്രമായ ഒരു പഠനം (സി.ടി.ടി.എസ്.) നടത്താൻ സി.ഇ.എസ്. എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എറണാകുളത്ത് ഇതേ രീതിയിലുള്ള ഒരു പഠനം നടത്തുന്നതിന് കേന്ദ്ര സർക്കാർ ഉടമസ്ഥയിലുള്ള പൊതുമേഖലാ സ്ഥാപനമായ ആർ.ഐ.റ്റി.ഇ.എസ്.നെ ഇതുസംബന്ധിച്ച പഠനചുമതല ഏൽപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ അംഗീകാരം ആയിട്ടുണ്ട്. ഇതിന് കരാർ ആയിട്ടില്ല.

(ബി) ഉണ്ട്.

(സി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) പഠനം ഏറ്റെടുത്തിരിക്കുന്ന ഏജൻസി അവരുടെ പഠനം ആരംഭിക്കുകയും കരാർ പ്രകാരം ഇൻസ്പെക്ഷൻ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഫൈനൽ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly